# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 07/2023
# 22.10.2023 എ.കെ.ജി.സി.ടി. ഭവൻ തിരുവനന്തപുരം.

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. യൂണിറ്റ് വിസിറ്റ്
6. സംസ്ഥാന പ്രവർത്തകക്യാമ്പ്
7. എഫ്.എസ്.ഇ.ടി.ഒ പാർലമെന്റ് മാർച്ച്
8. വിവിധ സബ് കമ്മറ്റികൾ
9. ആവശ്യമായ മറ്റ്കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി, സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ , ഡോ. എം.എസ്. മുരളി, രഘുദാസ് പി. വി,ഡോ. പ്രിൻസ് പി.ആർ, ശശി സി.ടി, ഡോ. ബി. അശോക്, സൗമ്യ എസ്, ഡോ. വിഷ്ണു വി.എസ്, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗായത്രി ദേവി ജി, ഡോ. അജി. പി. എൽ, സുശാന്ത് പി, സോബിൻ വർഗ്ഗീസ് എം.വി, സജിത്ത് കുമാർ പി, ഡോ. എം. എ. അസ്കർ, ഡോ. ആർ. പ്രകാഷ്, ഡോ.മഞ്ജുള, ഡോ.ആനന്ദ് ടി. എ, ഡോ. മുഹമ്മദ് ബഷീർ കെ. കെ, ഡോ. മാണിക്ക്യരാജ് കെ, രാജു എം.സി, ഡോ.കെ.റഹീം, ഡോ. രഞ്ജിത്ത് മോഹൻ, അനൂപ് ജെ.ആലക്കപ്പള്ളി, ഡോ.സുജ ടി.വി, ആൽബർട്ട് ആൻറണി ടി,രജിത സി.ആർ, ഡോ. ദിനേശൻ പി.കെ, ഡോ. ശരത്ത് എസ്,ആസിഫ് ഇഖ്ബാൽ കാക്കശ്ശേരി, ഡോ.സുമി ജോയി ഓലിയപ്പുറം, ഡോ.ചന്ദ്രമോഹൻ കെ.ടി, ഡോ.പ്രദീപ് കുമാർ, ജിനീഷ്.പി.എസ്, ഡോ. ഷാനവാസ് പി.എച്ച്, ഡോ.സഞ്ജയ് കുമാർ എസ്, ഡോ.ബേബി ഷീബ സി. പി.

രാവിലെ 9 മണിക്ക് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന ട്രഷറർ ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് സന്തോഷ്.ടി വർഗ്ഗീസ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

നിരവധി തൊഴിലാളി സമരങ്ങൾക്ക് നേതൃത്വം നൽകി അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി മുൻ നിരയിൽ ഉണ്ടായിരുന്ന സി.പി.ഐ. എം മുൻ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവും സി.ഐ. ടി. യു. സംസ്ഥാന പ്രസിഡന്റുമായിരുന്ന സ. ആനത്തലവട്ടം ആനന്ദൻ, പാലസ്തീനിൽ ഇസ്രയേൽ നടത്തുന്ന മനുഷ്യത്വരഹിതമായ സൈനിക അക്രമണത്തിൽ മരണമടഞ്ഞവർ, സി.പി.ഐ.എം പാലക്കാട് ജില്ലാ കമ്മിറ്റിയംഗവും കേരള കർഷക സംഘം സംസ്ഥാന വൈസ് പ്രസിഡന്റുമായ സ. പി. കെ. സുധാകരൻ മാസ്റ്റർ, രാജ്യത്തെ

ഏറ്റവും പ്രായം കൂടിയ സാക്ഷരത പഠിതാവ് കാർത്ത്യായനി അമ്മ, പരിസ്ഥിതി പ്രവർത്തകൻ പ്രൊഫ. ടി. ശോഭീന്ദ്രൻ, ചലച്ചിത്ര താരം കുണ്ടറ ജോണി എന്നിവരുടെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

ഇതേ തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

നിലവിൽ സംഘടനയുടെ പ്രസിഡണ്ടായ ഡോ. പി. പി. പ്രകാശൻ പി.എസ്.സി. അംഗമായി ചുമതലയേറ്റതിനെ തുടർന്ന് നിലവിലെ ട്രഷറർ ഡോ. എൻ. മനോജിനെ പ്രസിഡണ്ട് ആയും നിലവിലെ വൈസ് പ്രസിഡൻറ് ഡോ. ഗീതാ നമ്പ്യാർ എം.കെ യെ സംസ്ഥാന ട്രഷററായും, സംസ്ഥാന സെക്രട്ടറി ഡോ.വിനു ഭാസ്ക്കറിനെ സംസ്ഥാന വൈസ് പ്രസിഡന്റായും ,നിലവിൽ അക്കാദമിക് കമ്മിറ്റി ചെയർമാനായ ഡോ. പ്രിൻസ് പി.ആറിനെ സംസ്ഥാന സെക്രട്ടറി ആയും, അക്കാദമിക് കമ്മറ്റി ചെയർമാൻ സ്ഥാനത്തേക്ക് പാലക്കാട് മുൻ ജില്ലാ സെക്രട്ടറി ആയിരുന്ന ഡോ.റിജുലാലിനേയും പരിഗണിക്കണമെന്ന നിർദ്ദേശം കമ്മറ്റിയിൽ വെക്കുന്നു. കമ്മറ്റി വിഷയം വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്.

പ്രിൻസിപ്പൽ നിയമനത്തിനുള്ള നിരവധി അപേക്ഷകൾ വന്നിട്ടുണ്ട് ഐ.ക്യു.എ.സി പരിശോധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കേണ്ട തീയതി 10.11.2023 വരെ നീട്ടിയിട്ടുണ്ട്. പ്രൊഫസർഷിപ്പ് അപേക്ഷകൾ ഉടനെ വിളിക്കുന്നതാണ് അതോടൊപ്പം പ്രൊഫസർഷിപ്പിന്റെ തൽക്കാലത്തേക്ക് മാറ്റി വെയ്ക്കപ്പെട്ട അപേക്ഷകളിലും തീരുമാനം എടുക്കുന്നതാണ്. അസോസിയേറ്റ് പ്രൊഫസർ ബി. ഓപ്ഷനിൽ സ്കോർ കുറവുള്ളവർക്ക് വീണ്ടും അപേക്ഷിക്കുവാൻ അവസരം നൽകും മറ്റുള്ളവരുടെ ഉത്തരവ് ഉടനെ ഇറങ്ങുന്നതാണ്. ഇപ്പോൾ ലഭിച്ച പ്ലെയ്സ്മെന്റ് അപേക്ഷകളുടെ പരിശോധന നടന്നു വരുന്നു.ബി ഓപ്ഷനുമായി ബന്ധപ്പെട്ട് സർക്കാരിന്റെ വിശദീകരണ ഉത്തരവ് കോട്ടയം എ.ജിക്ക് നൽകാൻ സംഘടന ഇടപെട്ടിട്ടുണ്ട്. കോളേജിലെ സെമിനാർ/ വർക്ക്ഷോപ്പ്കൾക്ക് അഡ്വാൻസ് അനുവദിക്കുന്ന വിഷയത്തിൽ സംഘടന ധനകാര്യ വകുപ്പിൽ ഇടപെട്ടിട്ടുണ്ട്. അഡ്വാൻസ് സംബന്ധിച്ച പ്രൊപ്പോസൽ കോളേജുകളിൽ നിന്നും ഒന്നിച്ച് നൽകുന്നതാണ് ഉചിതം.

ഡി.എ, പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് സംബന്ധിച്ച വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തിവരുന്നു. നവംമ്പർ 25, 26 തീയ്യതികളിൽ ആലപ്പുഴയിൽ ചേരുന്ന സംസ്ഥാന പ്രവർത്തക ക്യാമ്പിൽ ഈ വിഷയത്തിൽ പ്രക്ഷോഭം ഉൾപ്പെടെയുള്ള കാര്യത്തിൽ തീരുമാനം എടുക്കും. വിദ്യാർത്ഥികൾക്ക് എസ്.സി/എസ്.ടി സ്റ്റൈപ്പൻഡ് വൈകുന്ന വിഷയത്തിൽ ഇടപെടേണ്ടതുണ്ട്. കേന്ദ്രഫണ്ട് ലഭിക്കാത്തതാണ് ഈ പ്രതിസന്ധിക്ക് കാരണം. യൂണിറ്റ് വിസിറ്റ് എത്രയും വേഗം പൂർത്തീകരിക്കണം. സംസ്ഥാന പ്രവർത്തക ക്യാമ്പ് നവംബർ 25, 26 തീയ്യതികളിൽ ആലപ്പുഴയിൽ ചേരുന്നതാണ്. നാലു വർഷ ഡിഗ്രി കോഴ്സുമായി ബന്ധപ്പെട്ട് സംഘടനയുടെ നിലപാട് വ്യക്തമാക്കുന്ന പ്രൊപ്പോസൽ മുഖ്യമന്ത്രി, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഹയർ എഡ്യുക്കേഷൻ കൗൺസിൽ എന്നിവർക്ക്

നൽകി.നവംബർ 3ന്റെ എഫ്.എസ്.ഇ.ടി.ഒ. പാർലമെന്റ് മാർച്ചുമായി ബന്ധപ്പെട്ട വാഹന പ്രചരണ ജാഥയിൽ സംഘടന പങ്കെടുത്തു.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും അജണ്ടകളിമേൽ വിശദമായ ചർച്ചയും നടന്നു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. നിലവിൽ സംഘടനയുടെ പ്രസിഡണ്ടായ ഡോ. പി. പി. പ്രകാശൻ പി.എസ്.സി. അംഗമായി ചുമതലയേറ്റതിനെ തുടർന്ന് നിലവിലെ ട്രഷറർ ഡോ. എൻ. മനോജിനെ പ്രസിഡണ്ട് ആയും നിലവിലെ വൈസ് പ്രസിഡൻറ് ഡോ. ഗീതാ നമ്പ്യാർ എം.കെ.യെ സംസ്ഥാന ട്രഷററായും, സംസ്ഥാന സെക്രട്ടറി ഡോ. വിനു ഭാസ്ക്കറിനെ സംസ്ഥാന വൈസ് പ്രസിഡന്റായും, നിലവിൽ അക്കാദമിക് കമ്മിറ്റി ചെയർമാനായ ഡോ. പ്രിൻസ് പി.ആറിനെ സംസ്ഥാന സെക്രട്ടറി ആയും, അക്കാദമിക് കമ്മറ്റി ചെയർമാൻ സ്ഥാനത്തേക്ക് പാലക്കാട് മുൻ ജില്ലാ സെക്രട്ടറി ആയിരുന്ന ഡോ. റിജുലാലിനേയും പരിഗണിക്കണമെന്ന ജന.സെക്രട്ടറിയുടെ നിർദ്ദേശം സംസ്ഥാന പ്രവർത്തക സമിതി അംഗീകരിക്കുകയും ഈ നിർദേശം അടുത്ത ജനറൽ കൗൺസിലിൽ അംഗീകാരത്തിനായ് സമർപ്പിക്കുവാനും തീരുമാനിച്ചു.
2. ഇനിയും പൂർത്തീകരിക്കുവാനുള്ള യൂണിറ്റ് വിസിറ്റുകൾ എത്രയും വേഗം നടത്തേണ്ടതാണ്.
3. നവംബർ മാസം 25, 26 തീയ്യതികളിൽ ആലപ്പുഴയിൽ ചേരുന്ന സംഘടനയുടെ സംസ്ഥാന പ്രവർത്തക ക്യാമ്പിൽ അംഗങ്ങളുടെ സജീവ സാന്നിധ്യം ഉറപ്പാക്കാൻ തീരുമാനിച്ചു.
4. ഡി.എ., യു.ജി.സി. അരിയർ, പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ്, മ്യൂസിക് കോളേജ് യു.ജി.സി., എൻ.പി.എസ്. വിഷയങ്ങളിൽ സമരമാർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള കാര്യം സംസ്ഥാന പ്രവർത്തക ക്യാമ്പിൽ തീരുമാനിക്കും.
5. സംസ്ഥാന പ്രവർത്തക ക്യാമ്പിന്റെ പ്രോഗ്രാം ഷെഡ്യൂളിന് സംസ്ഥാന പ്രവർത്തക സമിതി അംഗീകാരം നൽകി.
6. സ്പെഷ്യൽ റൂൾഭേദഗതി, പൊതു സ്ഥലം മാറ്റത്തിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിക്കൽ, എന്നീ വിഷയത്തിൽ സർക്കാരുമായി എത്രയും വേഗം തുടർ ചർച്ചകൾ നടത്തുന്നതാണ്.
7. വിദ്യാർത്ഥികളുടെ എസ്.സി/എസ്. ടി സ്റ്റൈപ്പൻഡ് വിഷയത്തിൽ സർക്കാരിന് കത്ത് നൽകുകയും കേന്ദ്ര സർക്കാരിൽ ഐഫെക്ടോ വഴി ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യും.
8. കോളേജുകളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടക്കുന്ന നിർമ്മാണങ്ങളുടെ വിശദമായ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് കൈമാറും.
9. നവംബർ 3ന് നടക്കുന്ന എഫ്.എസ്.ഇ.ടി.ഒ പാർലമെന്റ് മാർച്ചിൽ 3 അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു.
10. കോളേജുകളുടെ ഭൗതിക സാഹചര്യം വികസിപ്പിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തും.
11. നാലു വർഷ ഡിഗ്രി കോഴ്സുമായി ബന്ധപ്പെട്ട സർവ്വകലാശാല സമിതികളിൽ സംഘടനയ്ക്ക് മതിയായ പ്രാതിനിധ്യം ലഭിക്കാൻ ആവശ്യമായ ഇടപെടൽ നടത്തും.

12. ട്രെയിനിംഗ് കോളേജുകളിലെ എം.എഡ്. കോഴ്സുകളുടെ അംഗീകാരം നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ ഇടപെടൽ നടത്തും.
13. ഒക്ടോബർ 30 ന് കാമ്പസുകളിൽ പാലസ്തീൻ ജനതയ്ക്ക് ഐക്യദാർഢ്യം രേഖപ്പെടുത്തിക്കൊണ്ട് പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.
14. സംസ്ഥാന പ്രവർത്തക സമിതി യോഗത്തിന്റെ മിനുട്സ് യൂണിറ്റുകളിൽ കോപ്പി എടുത്ത് ഓരോ അംഗത്തിനും നൽകാൻ തീരുമാനിച്ചു.
15. സംഘടനയുടെ 2024 വർഷത്തെ കലണ്ടർ പ്രിന്റ് ചെയ്യാൻ തീരുമാനിച്ചു.

യോഗം 2 മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
22-10-2023

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി